പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2531 19.06.2013 ലെ മറുപടിക്ക്

## ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ ധന സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങാനുള്ള ധനസഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ ഒന്നര സെന്റിന് 1.75 ലക്ഷം രൂപയും കോർപ്പറേഷനിൽ ഒന്നര സെന്റിന് 2 ലക്ഷം രൂപയുമാണ് നിലവിൽ നൽകിവരുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഭൂരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | ഗുണഭോക്താക്കൾ സ്വന്തമായിട്ടാണ് വാസയോഗ്യമായ ഭൂമി കണ്ടെത്തുന്നത് |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഗ്രാമ/വാർഡ് സഭ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത്. എന്നാൽ നടപ്പ് സാമ്പത്തികവർഷം മുതൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നിന്നും പട്ടികജാതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 6000 ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 10000 ലക്ഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.